**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2770 — 10/07/2015-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പിലെ ദിവസവേതനക്കാർ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി.ശശി | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

എ) ഹോർട്ടികോർപ്പിൽ ദിവസവേതനക്കാരായി എത്ര പേർ ജോലിചെയ്യുന്നുണ്ട്; ഇതിൽ പ്രായപരിധി കഴിഞ്ഞവരും സർവ്വീസ് കൂടുതലുള്ളതുമായ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

എ) ഹോർട്ടികോർപ്പിൽ ദിവസവേതന ജീവനക്കാരായി 521 ജീവനക്കാർ ജോലി ചെയ്യുന്നു. സർവ്വീസ് കൂടുതലുള്ളതും പ്രായപരിധി കഴിഞ്ഞതുമായ ജീവനക്കാരുടെ വിവരം ശേഖരിച്ച് വരുന്നു.

ബി) ദീർഘനാളത്തെ സർവ്വീസ് ഉണ്ടായിരുന്നിട്ടും ഇത്തരം ജീവനക്കാർക്ക് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ദിവസവേതനക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

ബി) ഉണ്ട്. 10 വർഷത്തിനു മുകളിൽ സർവ്വീസുള്ള 45 ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രോപ്പോസൽ ഹോർട്ടികോർപ്പ് സർക്കാരിൽ സമർപ്പിച്ചിരുന്നു എന്നാൽ സ്പെഷ്യൽ റൂൾ നിലവിൽ ഇല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി.

സി) സ്ഥിരം ജീവനക്കാരുടെ പ്രൊമോഷനുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ മാനേജ്മെന്റും യൂണിയൻ പ്രതിനിധികളും തമ്മിലുണ്ടാക്കിയിട്ടുള്ള ധാരണ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

സി) ഉണ്ട്. പ്രസ്തുത പരാതി പരിശോധിച്ചുവരികയാണ്.

ഡി) ഹോർട്ടികോർപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

ഡി) ഇല്ല. സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| ഇ) | ഹോർട്ടികോർപ്പിൽ ഇ.എസ്.ഐ സ്കീം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | ഇ) | ഹോർട്ടികോർപ്പിൽ ഇ.എസ്.ഐ സ്കീം നടപ്പിലാക്കിയിട്ടില്ല |
| എഫ്) | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ ഹോർട്ടികോർപ്പിൽ പല ജില്ലകളിലായി എത്ര പേരെ പുതുതായി നിയമിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ; | എഫ്) | കഴിഞ്ഞ 2 വർഷത്തിനുള്ളിൽ (2013 ജനുവരി മുതൽ 28/02/2015 വരെ) പല ജില്ലകളിലായി 253 പേരെ പുതിയതായി ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ